പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ : 3971      21.06.2019 - ൽ മറുപടിക്ക്

## അശരണർക്ക് സഹായത്തിനായി റിസ്ക് ഫണ്ട്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ<br>ശ്രീ. സി. ദിവാകരൻ<br>ശ്രീ.എൽദോ എബ്രഹാം<br>ശ്രീ.കെ. രാജൻ | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പമന്ത്രി) | |
| എ) | സാമൂഹിക പ്രതിബദ്ധത ഉയർത്തിപ്പിടിച്ചുകൊണ്ട് രാഷ്ട്രനിർമ്മാണ പ്രവർത്തനങ്ങളിലും പ്രകൃതി ദുരന്തങ്ങളെ അതിജീവിക്കുന്നതിലും സഹകരണമേഖല മുൻപന്തിയിൽ നിൽക്കുന്നതിന്റെ നേർ സാക്ഷ്യങ്ങളായ പദ്ധതികളും പ്രവർത്തനങ്ങളും വിശദമാക്കുമോ; | എ) | സാമൂഹ്യ സുരക്ഷാ പെൻഷൻ സഹകരണ സംഘങ്ങൾ വഴി ഗുണഭോക്താക്കളുടെ വീട്ടിൽ എത്തിക്കുന്ന പദ്ധതി നടപ്പിലാക്കി. സഹകരണ മേഖലയുടെ കരുത്തും കാര്യക്ഷമതയും വിപുലമായ സ്വാധീനവും സാമൂഹ്യ പ്രതിബദ്ധതയും തെളിയിക്കുന്ന പ്രവർത്തനമായിരുന്നു സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം.<br>സംസ്ഥാന സർക്കാരിന് ഓണം, വിഷു എന്നിവയോടനുബന്ധിച്ച് സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം നടത്തുന്നതിലേക്കായി സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിൽ നിന്നും 4407.78 കോടി രൂപ വായ്പയായി സ്വരൂപിച്ച് നൽകിയിട്ടുണ്ട്.<br>കെ. എസ്. ആർ. ടി. സി യിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിച്ച് പെൻഷൻ വിതരണം നടത്തുന്നതിന് സഹകരണ വകുപ്പിനെ ചുമതലപ്പെടുത്തി സർക്കാർ ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ 2018 ഫെബ്രുവരി മാസം മുതൽ 2019 ജൂൺ മാസം വരെയുള്ള പെൻഷൻ വിതരണം സഹകരണ വകുപ്പ് മുഖേന നടത്തിയിട്ടുണ്ട്.<br>സാമ്പത്തിക സുസ്ഥിരതയിൽ വീഴ്ച വരുത്താതെ സാമൂഹ്യപ്രതിബദ്ധത നിറവേറ്റുക എന്ന ലക്ഷ്യത്തോടെ സഹകരണ റിസ്ക് ഫണ്ട് പദ്ധതി, സഹകരണ അംഗ സമാശ്വാസ നിധി സ്കീം എന്നിവ നടപ്പിലാക്കി വരുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.<br>വായ്പ എടുക്കുന്ന അംഗം വായ്പാ കാലാവധിയിലോ കാലാവധി കഴിഞ്ഞ് 6 മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ ടിയാളുടെ പേരിൽ അന്നേ |

നടപ്പിലാക്കിയിട്ടുണ്ട്.

2011-12 സാമ്പത്തിക വർഷം മുതൽ സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ/ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കുകൾ, കാർഷിക ഗ്രാമ വികസന ബാങ്കുകൾ എന്നിവ മുഖേന വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകരുടെ പലിശ പൂർണ്ണമായി ഒഴിവാക്കി പലിശ രഹിത വായ്പയായി മാറ്റുന്നതിന് കേരള സംസ്ഥാന സർക്കാർ പദ്ധതിയേതര വിഹിതത്തിൽ ഉത്തേജന പലിശയിളവ് പദ്ധതി നടപ്പിലാക്കി വരുന്നു.

പ്രാഥമിക കാർഷിക സഹകരണ ബാങ്കുകളിൽ നിന്നും കാർഷിക വായ്പ എടുത്ത് കൃത്യമായി തിരിച്ചടവ് നടത്തിയിട്ടുള്ള കർഷകർക്ക് സമാശ്വാസ തുക അനുവദിച്ചു നൽകുന്നതിന് വേണ്ടി കേരള സംസ്ഥാന സർക്കാരിന്റെ പദ്ധതിയേതര വിഹിതത്തിൽ കാർഷികോൽപാദന ചെലവ് സമാശ്വാസ പദ്ധതി നടപ്പിലാക്കി വരുന്നു.

സംസ്ഥാനത്ത് ഉണ്ടായ പ്രളയദുരന്തത്തിന്റെ ഫലമായി വീടും സ്വത്തുക്കളും ജീവനോപാധികളും നഷ്ടപ്പെട്ട കുടുംബങ്ങളുടെ പുനരധിവാസത്തിന്റെ ഭാഗമായി സംസ്ഥാന സഹകരണ വകുപ്പ് ആവിഷ്കരിച്ച പദ്ധതിയാണ് കെയർ കേരള. ഈ പദ്ധതിയിൽ കെയർഹോം, കെയർ ലോൺ, കെയർ ഗ്രേസ് എന്നിങ്ങനെ 3 ഘടകങ്ങളാണ് ഉള്ളത്. പ്രളയദുരന്തത്തിൽ സംമ്പൂർണ്ണമായും വീട് നഷ്ടപ്പെട്ടവർക്ക് സഹകരണ സംഘങ്ങളുടെ സഹായത്തോടെ വീട് നിർമ്മിച്ച് നൽകുന്ന പദ്ധതിയാണ് കെയർ ഹോം പദ്ധതി. പദ്ധതിയിൽ ഉൾപ്പെടുത്തി ആദ്യ ഘട്ടമായി 2040 വീടുകളാണ് സംസ്ഥാനത്തൊട്ടാകെ നിർമ്മിച്ചു നൽകുന്നത്. സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നുള്ള തുക ഉൾപ്പെടെ 5 ലക്ഷം രൂപയാണ് വീടൊന്നിന് നിർമ്മാണത്തിനായി അനുവദിക്കുന്നത്. ഒരു ഗുണഭോക്തൃ സമിതി രൂപീകരിച്ചിട്ടുണ്ട്.

31.05.2019 വരെ സംസ്ഥാനത്തൊട്ടാകെ 1184 വീടുകളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ബാക്കി വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്. 2019 ജൂൺ 30 നകം നിർമ്മാണം പൂർത്തിയാക്കി ഗുണഭോക്താക്കൾക്ക് നൽകുന്നതിനാണ് ലക്ഷ്യമിടുന്നത് . പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഭൂരഹിതർക്ക് വീട് വച്ച്

ദിവസം ബാക്കി നിൽക്കുന്ന ഒന്നരലക്ഷം രൂപ വരെയുള്ള മുതലും അതിന്റെ പലിശയും റിസ്ക് ഫണ്ടിൽ നിന്നും നൽകുന്നതാണ് പദ്ധതി.

<u>കേരള സഹകരണ അംഗ സമാശ്വാസ നിധി സ്കീം</u>

1969 ലെ സഹകരണസംഘം നിയമം വകുപ്പ് 56(1) സി ചട്ടം 53 എ പ്രകാരമാണ് കേരള സഹകരണ അംഗ സമാശ്വാസ നിധി രൂപീകരിച്ചിട്ടുള്ളത്. സർക്കാരിന്റെ 22.6.2018 ലെ സ.ഉ.(കൈ)നം. 22/2018/സഹ നമ്പർ ഉത്തരവ് പ്രകാരം സ്കീം അംഗീകരിച്ച ഉത്തരവായിട്ടുണ്ട്.

ഈ സ്കീം പ്രകാരം നൽകുന്ന പരമാവധി ധനസഹായം 50,000/- രൂപയായി നിജപ്പെടുത്തിയിരിക്കുന്നു. മൂന്ന് ലക്ഷത്തിൽ കൂടുതൽ വാർഷിക വരുമാനമുള്ള അപേക്ഷകർക്കോ ആശ്രിതർക്കോ ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കില്ല.

**<u>മുറ്റത്തെ മുല്ല</u>**

ബ്ലേഡ് പലിശക്കാർ എന്ന മഹാ വിപത്ത് ഗ്രാമീണ മേഖലയിൽ ഉണ്ടാക്കുന്ന കഷ്ട നഷ്ടങ്ങൾക്ക് ഒരു പരിധിവരെ അറുതി വരുത്തുന്നതിനും സമൂഹത്തിന്റെ താഴെ തട്ടിലുള്ളവർ, കൂലിവേലക്കാർ, ചെറുകിട കച്ചവടക്കാർ എന്നിവരെ ബ്ലേഡ് പലിശക്കാരിൽ നിന്നും രക്ഷിക്കുക, സഹകരണ പ്രസ്ഥാനത്തിന്റെ ജനങ്ങളോടുള്ള പ്രതിബദ്ധത ഉയർത്തിപ്പിടിക്കുകയും ജനങ്ങളെ കൂടുതൽ സാമ്പത്തിക ഉൾച്ചേർക്കലിലേയ്ക്ക് നയിക്കുകയും അവരിൽ സാമ്പത്തിക സാക്ഷരത വളർത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ കുടുംബശ്രീയുമായി സഹകരിച്ച് "മുറ്റത്തെ മുല്ല" ഗ്രാമീണ ലഘു വായ്പാ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം 1000 രൂപ മുതൽ 25,000 രൂപ വരെയാണ് ഒരാൾക്ക് വായ്പയായി നൽകുന്നത്. വായ്പക്കാരിൽ നിന്നും 12 ശതമാനം പലിശ (100 രൂപയ്ക്ക് പ്രതിമാസം 1 രൂപ) മാത്രമാണ് ഈടാക്കുന്നത്. പരമാവധി 52 ആഴ്ചകളായാണ് വായ്പ തിരിച്ചടയ്ക്കേണ്ടത്.

സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ ബാങ്കുകളുടെ കുടിശ്ശിക കുറയ്ക്കുന്നതിനും കൃത്യമായ വായ്പ തിരിച്ചടവ് പ്രോത്സാഹിപ്പിച്ച് സംഘങ്ങൾ/ ബാങ്കുകളെ പരമാവധി കുടിശ്ശിക രഹിത സംഘങ്ങൾ/ ബാങ്കുകളാക്കി മാറ്റുന്നതിനും സഹകാരികൾക്ക് അവരുടെ കടബാധ്യതയിൽ നിന്നും ആശ്വാസം നൽകുന്നതിനുമായി നവകേരളീയം കുടിശ്ശിക നിവാരണം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ആവിഷ്കരിച്ച്

| | | | |
|---|---|---|---|
| | | | നൽകുന്നതിനാണ് ലക്ഷ്യമിടുന്നത്. അതിന്റെ നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്.<br>കെയർ ലോൺ പദ്ധതി പ്രകാരം പ്രളയ ബാധിത പ്രദേശങ്ങളിലെ ജനങ്ങൾക്ക് ഗൃഹോപകരണങ്ങൾ വാങ്ങുന്നതിനും വീടുകൾക്കുണ്ടായ ചെറിയ നാശ നഷ്ടങ്ങൾ പരിഹരിക്കുന്നതിനും നഷ്ടമായ ജീവനോപാധികൾ നേടുന്നതിനുമായി റീസർജന്റ് കേരള ലോൺ സ്കീം എന്ന പദ്ധതി കുടുംബശ്രീ സംവിധാനത്തിലൂടെ സഹകരണ സംഘങ്ങളുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കിയിട്ടുണ്ട്. പ്രളയ ബാധിതർക്ക് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള 10,000 രൂപ സമാശ്വാസം ലഭിച്ചിട്ടുള്ള കുടുംബ നാഥയ്ക്ക് 1 ലക്ഷം രൂപ വരെ ബാങ്ക് വായ്പ കുടുംബശ്രീ അയൽക്കൂട്ടം മുഖാന്തിരം നൽകുന്നു. 9 ശതമാനം പലിശ നിരക്കിലാണ് ബാങ്കുകൾ കുടുംബശ്രീകൾക്ക് വായ്പ നൽകുന്നത്. |
| ബി) | റീസർജന്റ് കേരള ലോൺ സ്കീം (ആർ.കെ.എൽ.എസ്.) എന്ന പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കുമോ; | ബി) | കേരളം നേരിട്ട പ്രകൃതി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ പ്രളയ ബാധിത പ്രദേശങ്ങളിലെ ജനങ്ങൾക്ക് ഗൃഹോപകരണങ്ങൾ വാങ്ങുന്നതിനും വീടുകൾക്കുണ്ടായ ചെറിയ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനും നഷ്ടമായ ജീവനോപാധികൾ നേടുന്നതിനുമായി റീസർജന്റ് കേരള ലോൺ സ്കീം (RKLS) എന്ന പദ്ധതി നടപ്പിലാക്കുന്നു. അയൽക്കൂട്ടങ്ങൾക്ക് അക്കൗണ്ടുള്ള ജില്ലാ സഹകരണ ബാങ്കുകൾ/പ്രാഥമിക കാർഷികവായ്പാ സംഘങ്ങൾ, മറ്റ് സഹകരണ സ്ഥാപനങ്ങൾ എന്നിവ മുഖേനയാണ് റീസർജന്റ് കേരള ലോൺ സ്കീം (RKLS) നടപ്പിലാക്കുന്നത്.<br>ഈ പദ്ധതി അനുസരിച്ച് ഒറ്റ പ്രാവശ്യത്തെ ആശ്വാസ ധനമായ 10,000/- രൂപ ലഭിച്ച വീടുകളിലെ കുടുംബനാഥയ്ക്ക് ഒരു ലക്ഷം രൂപവരെ ബാങ്ക് വായ്പ കുടുംബശ്രീ അയൽകൂട്ട സംവിധാനത്തിലൂടെ ലഭ്യമാക്കുന്നതാണ്. ഒരു അയൽക്കൂട്ടത്തിന് പരമാവധി 10 ലക്ഷം രൂപയായിരിക്കും വായ്പാ പരിധി. വായ്പാ കാലയളവ് 36 മാസം മുതൽ 48 മാസം വരെ ആയിരിക്കും. തിരിച്ചടവിന് 9 മാസത്തെ മോറട്ടോറിയം അനുവദിയ്ക്കുന്നതാണ്. 10-ാം മാസം മുതൽ തുല്യ മാസഗഡുക്കളായി വായ്പ തിരിച്ചടയ്ക്കേണ്ടതാണ്. ബാങ്കുകൾ 9% പലിശ നിരക്കിലാണ് അയൽക്കൂട്ടങ്ങൾക്ക് വായ്പ നൽകേണ്ടത്. വായ്പയുടെ പലിശ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും വഹിക്കുന്നതാണ്. |

| | | | |
|---|---|---|---|
| | | | 31.03.2019 വരെ ഈ ഇനത്തിൽ നൽകിയ തുക 522.57 കോടി രൂപയാണ്. |
| സി) | സഹകരണ ബാങ്കുകളിൽ നിന്നും വായ്പയെടുത്തവരിൽ മരണപ്പെട്ടവരും മാരകരോഗം ബാധിച്ചവരുമായവരുടെ സഹായത്തിനായി രൂപീകരിച്ച റിസ്ക് ഫണ്ട് പദ്ധതി അശരണർക്ക് സഹായം നല്കുന്ന വലിയ നിധിയായി മാറിയത് സംബന്ധിച്ച വിശദ വിവരങ്ങൾ നൽകുമോ; | സി) | കേരള സംസ്ഥാന സഹകരണ വികസന ക്ഷേമനിധി ബോർഡ് അധികാരത്തിൽ വന്നതിനുശേഷം 22626 വായ്പകളിലായി 182.33 കോടി രൂപ റിസ്ക് ഫണ്ട് ധനസഹായമായി അനുവദിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഒരു വായ്പക്കാരൻ എത്ര വായ്പകൾ എടുത്താലും ഓരോ വായ്പക്കും റിസ്ക് ഫണ്ട് നിയമാവലി വ്യവസ്ഥകൾ പാലിക്കുന്നപക്ഷം മുതലിനത്തിൽ പരമാവധി 1,50,000/-രൂപയും, മരണ തീയതി വരെ മുതലിനത്തിൽ അനുവദിക്കുന്ന തുകയുടെ പലിശയും ബോർഡിൽ നിന്നും അനുവദിച്ചു വരുന്നു. കൂടാതെ വായ്പ എടുത്ത ശേഷം വായ്പകാലാവധിക്കുള്ളിൽ മാരകരോഗങ്ങളായ ക്യാൻസർ, കിഡ്നി സംബന്ധമായ രോഗം മൂലം ഡയാലിസിസിന് വിധേയരായവർ, ഹൃദയ സംബന്ധമായ ശസ്ത്രക്രിയക്ക് വിധേയരായവർ, പക്ഷാഘാതമോ അപകടം മൂലമോ ശരീരം തളർന്ന് കിടപ്പിലായവർ, റ്റി ബി, ലിവർ സീറോസിസ് എന്നിവ ബാധിക്കുന്നവർക്ക് മുതലിനത്തിൽ പരമാവധി 75000/-രൂപ ചികിത്സാ ധനസഹായവും അനുവദിച്ചു വരുന്നു. ഇത്തരത്തിൽ മരണമടയുന്ന വായ്പക്കാരുടെ ബാധ്യതകൾ കുറക്കുകയോ, പൂർണ്ണമായും ഇല്ലാതാകുകയോ ചെയ്യുന്നതോടുകൂടി വായ്പക്കാരുടെ അനന്തരാവകാശികൾക്ക്/ ജാമ്യക്കാർക്ക് ആശ്വാസം നൽകുന്നതുമൂലം കേരള റിസ്ക് ഫണ്ട് പദ്ധതി അശരണർക്ക് സഹായം നൽകുന്ന ഒരു വലിയ നിധിയായി മാറിയിട്ടുണ്ട്. |
| ഡി) | സാമൂഹ്യക്ഷേമ പെൻഷൻ വിതരണം, കെ.എസ്.ആർ.ടി.സി. പെൻഷൻ വിതരണം എന്നിവയിലൂടെ സമൂഹത്തിലെ ദുർബല ജനവിഭാഗങ്ങൾക്ക് ആശ്വാസമായി മാറുന്നതിന് സഹകരണ മേഖലയ്ക്ക് കഴിയുന്നുണ്ടോ; വ്യക്തമാക്കുമോ? | ഡി) | സാമൂഹ്യ ക്ഷേമ പെൻഷൻ വിതരണം, കെ.എസ്.ആർ.ടി.സി. പെൻഷൻ വിതരണം എന്നിവയിലൂടെ സമൂഹത്തിലെ ദുർബല ജനവിഭാഗങ്ങൾക്ക് ആശ്വാസമായി മാറുന്നതിന് സഹകരണ മേഖലയ്ക്ക് കഴിയുന്നുണ്ട്.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം **സാമൂഹ്യസുരക്ഷാ പെൻഷൻ** ഗുണഭോക്താവിന്റെ വീട്ടിൽ നേരിട്ട് എത്തിക്കുന്ന പദ്ധതി വിജയകരമായി നടപ്പിലാക്കി വരുന്നു. സർക്കാരിൽ നിന്നും ഫണ്ട് സഹകരണ സംഘങ്ങൾക്ക് ലഭിക്കുമ്പോൾ പ്രസ്തുത പെൻഷൻ തുക 15 ദിവസത്തിനുള്ളിൽ തന്നെ ഗുണഭോക്താവിന് സഹകരണ സംഘങ്ങളിലെ സാമൂഹ്യസുരക്ഷാ പെൻഷൻ വിതരണ ചുമതലയുള്ള |

ഉദ്യോഗസ്ഥൻ നേരിട്ട് എത്തിക്കുന്നു.

2018 സാമ്പത്തിക വർഷത്തിൽ ഓണത്തിനോടനുബന്ധിച്ചുള്ള സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണത്തിനു വേണ്ടി സർക്കാർ സഹകരണ സംഘങ്ങളെ ഉൾപ്പെടുത്തി രൂപീകരിച്ച കൺസോർഷ്യത്തിലേയ്ക്ക് സഹകരണ മേഖലയിലെ 506 സംഘങ്ങളിൽ 1773.30 കോടി രൂപയും 2019 വിഷുവിനോടനുബന്ധിച്ചുള്ള സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണത്തിനു വേണ്ടി സർക്കാർ രൂപീകരിച്ച സഹകരണ സംഘങ്ങളുടെ കൺസോർഷ്യത്തിലേയ്ക്ക് 1153 സംഘങ്ങൾ 2634.48 കോടി രൂപയും വായ്പയായി തുക നിക്ഷേപിച്ചിട്ടുണ്ട്.

2018 ഫെബ്രുവരി മാസം മുതൽ 2019 ജൂൺ വരെയുള്ള വിരമിച്ച **കെ.എസ്.ആർ.ടി.സി. ജീവനക്കാർക്കുള്ള പെൻഷൻ വിതരണം** സഹകരണ വകുപ്പ് മുഖേന സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിച്ച് വിതരണം നടത്തിയിട്ടുണ്ട്. പെൻഷൻ വിതരണം നടത്തുന്നതിലേയ്ക്കായി നാളിതുവരെ 11,76,57,18,000/- രൂപ കൺസോർഷ്യത്തിലേക്ക് കളക്ട് ചെയ്യുകയും 11,76,51,64,659/- രൂപ വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. മാസം 40000 ത്തോളം വിരമിച്ച കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ഇതിന്റെ ഗുണം ലഭിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ